"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല ഇളമാട് ഗ്രാമപഞ്ചായത്ത് - 2009-10 വർഷ ഓഡിറ്റ് ഖണ്ഡിക 3.14 - സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 58,425/- രൂപയുടെ ചെലവിന് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.2084/2025/LSGD തീയതി,തിരുവനന്തപുരം, 22-08-2025

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 14/08/2018-ലെ PAN21335/2018-M3(DP) നമ്പർ കത്ത്.

2. സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21/03/2021-ലെ DKSA/1847/2020/PTI നമ്പർ പ്രകാരമുള്ള കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി സർക്കാർ മാർഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പണിയായുധങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പഞ്ചായത്തിന്റെ 2009-2010 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-14 പ്രകാരം 58,425/- രൂപ തടസ്സപ്പെടുത്തിയിരുന്നു.

2) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി പണിയായുധങ്ങൾ ഒറ്റത്തവണ മാത്രം വികസന ഫണ്ട് / തനത് ഫണ്ട്/പൊതു ആവശ്യ ഗ്രാൻറ് എന്നീവ ഉപയോഗപ്പെടുത്തി വാങ്ങി വാർഡ് തലത്തിൽ എ ഡി എസിന് നല്കണം. സർക്കാർ ഉത്തരവ് ( എം.എസ്) 241/06/എൽ എസ് ജി ഡി തീയതി 19/10/2006 പ്രകാരം ഒരിക്കൽ വാങ്ങിക്കൊടുത്ത പണിയായുധങ്ങൾ കേടായാൽ മാറ്റി പുതിയത് വാങ്ങാൻ സർക്കാർ ഫണ്ടോ തൊഴിലുറപ്പ് പദ്ധതി ഫണ്ടോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഇതിന് വിരുദ്ധമായി പണിയായുധങ്ങൾ വാങ്ങി നല്കിയതിനാലാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്.

3) എം.ജി.എൻ.ആർ ഇ.ജി.എ പദ്ധതിയ്ക്കായി പണി ആയുധങ്ങൾ ഒരു തവണ വാങ്ങി നല്കിയിരുന്നു. എന്നാൽ ആദ്യ തവണ വാങ്ങി നല്കിയ പണിയായുധങ്ങൾ പര്യാപ്തമല്ലാതെ വരുകയും, വാങ്ങിയ പണി ആയുധങ്ങളുടെ കേടുപാടുകൾ തീർക്കേണ്ടതായും വന്ന സാഹചര്യത്തിലും അതോടൊപ്പം ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ആദ്യഘട്ടങ്ങളിൽ എ.ഡി.എസിന്റെ അക്കൗണ്ടിൽ മതിയായ തുക ഇല്ലാതിരുന്ന സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്കായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ഡി.പി.സിയുടെ അംഗീകാരത്തോടെ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചാണ് ടി പദ്ധതി ചെയ്തിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

4) അടിയന്തര പ്രാധാന്യമുള്ളതിനാലും പദ്ധതി നടത്തിപ്പിലെ തടസ്സം ഒഴിവാക്കുന്നതിലേയ്ക്കും

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തനതു ഫണ്ട് വകയിരുത്തിയാണ് പണി ആയുധങ്ങൾ വാങ്ങിയിട്ടുള്ളതെന്നും തൊഴിലുറപ്പുപകരണങ്ങൾ വാങ്ങിയ ഇനത്തിലുള്ള ചെലവ് മറ്റ് സർക്കാർ ഫണ്ടുകളോ പ്ലാൻ ഫണ്ടോ വിനിയോഗിച്ച് ചെയ്തതല്ലെന്നും പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്തിനോ സർക്കാരിനോ യാതൊരു വിധമായ നഷ്ടവും ഉണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ വിശദീകരിച്ചിട്ടുണ്ട്. ആയതിനാൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ചെലവഴിച്ച 58,425/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, നിർവഹണോദ്യോഗസ്ഥൻെറ വിശദീകരണം, ഇളമാട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശിപാർശ എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുള്ളത്.

5) ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശിപാർശ, പഞ്ചായത്ത് ഡയക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നല്കുന്ന വിഷയത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളുടേയും ജില്ലാതല മോണിറ്റിംഗ് കമ്മിററിയുടെ അനുകൂല ശിപാർശ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നീവ പരിഗണിച്ചും പഞ്ചായത്ത് ഡയറക്ടറുടേയും സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടേയും അനുകൂല ശിപാർശകളും പരിഗണിച്ച് പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് തൊഴിലുറപ്പ് ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷ ഓഡിറ്റ് ഖണ്ഡിക 3.14 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയ 58,425/- രൂപ (അമ്പത്തിയെട്ടായിരത്തി നാനൂറ്റി ഇരുപത്തി അഞ്ച് രൂപാ മാത്രം) യിൻമേലുള്ള ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ഇളമാട് ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB1/62/2020-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-08-2025 16:04:45

സെക്ഷൻ ഓഫീസർ